**മധുരമായ കുട്ടികളെ, നിങ്ങൾ ഇപ്പോൾ ഈശ്വരീയ ഖജനാവിനാൽ പാലിക്കപ്പെടുന്നു, നിങ്ങളുടെ കർത്തവ്യമാണ് - ജ്ഞാനത്തിന്റെ ഖജനാവ് വിതരണം ചെയ്ത് സർവ്വരുടെയും മംഗളം ചെയ്യുക**

**ചോദ്യം:** മായയുടെ ഗ്രഹപ്പിഴ പിടിക്കുമ്പോൾ കുട്ടികൾ ഏതൊരു വിചിത്രമായ കളി കളിക്കുന്നു?
**ഉത്തരം:** ഗ്രഹപ്പിഴ വരുമ്പോൾ കുട്ടികൾ ഇത്രയും വളരെ ശ്രേഷ്ഠമായ അച്ഛനെ, അധ്യാപകനെ, സത്ഗുരുവിനെ മൂന്ന് പേരെയും മറക്കുന്നു. ഞങ്ങൾ അംഗീകരിക്കില്ല എന്ന് വളരെ നല്ല നിശ്ചയബുദ്ധികളായ കുട്ടികൾ പറയുന്നത് അത്ഭുതമാണ്. ആശ്ചര്യത്തോടെ കേട്ട്, പറഞ്ഞുനടന്ന്, ഓടിപോകുന്നു. ഇന്ന് മമ്മാ ബാബ എന്ന് വിളിച്ച് നാളെ അപ്രത്യക്ഷമാകുന്നു, അഡ്രസ്സ് പോലും ഉണ്ടാകില്ല. എന്നാൽ ബാബ പറയുന്നു അവർ വീണ്ടും വരും, കാരണം സർവ്വർക്കും ശരണാഗതി ഒരേ ഒരു ബാബയുടെ അടുത്തേ ലഭിക്കുകയുള്ളൂ.

**ഗീതം:-** ഓം നമഃ ശിവായ...

**ഓം ശാന്തി.** ഈ പാട്ട് കുട്ടികൾ എപ്പോഴും കേൾക്കുന്നുണ്ട്. ഒപ്പം തന്റെ പാരലൗകീക പരമപിതാ പരമാത്മാവിനെ ഓർമ്മിക്കുന്നുമുണ്ട്. ആരിൽ നിന്നാണോ എന്തെങ്കിലും സുഖത്തിന്റെ പ്രാപ്തിയുണ്ടാകുന്നത് അവരെയാണ് സാധാരണ ഓർമ്മിക്കാറുള്ളത്. ബനാറസിൽ ശിവന്റെ ക്ഷേത്രമുണ്ട് അവിടെ അനേകർ പോകുന്നു, നിരാകാരനായ ബാബയെ ഓർമ്മിക്കുന്നു. ലക്ഷ്മീ നാരായണനെ സർവ്വരും ഓർമ്മിക്കാൻ കാരണം അവരുടെ രാജ്യത്തിൽ സുഖമുണ്ടായിരുന്നതുകൊണ്ടാണ്, അപ്പോളാണ് രാജാവിന്റെയും റാണിയുടെയും മഹിമ ഉണ്ടാകുന്നത്. ഓ ഗോഡ് ഫാദർ എന്ന് പറഞ്ഞ് ലോകത്തിലുള്ളവർ ഓർമ്മിക്കുന്നു. വിശ്വപിതാവ് ഒന്നുമാത്രമാണ് മറ്റാരും വിശ്വപിതാവല്ല. വിശ്വപിതാവ് നിരാകാരിയായ ഗോഡാണ്. ആ ഒന്നിനെയാണ് അവതാരം അതായത് റി-ഇൻകാർനേഷൻ എന്ന് പറയുന്നത്. ആ ഒരേ ഒരു അച്ഛനാണ് തന്റേതായ സൂക്ഷ്മവും സ്ഥൂലവുമായ ശരീരമില്ലാത്തത്. ബ്രഹ്മാ, വിഷ്ണു, ശങ്കരനും സൂക്ഷ്മ ശരീരമുണ്ട്. അവരെയും അവതാരമെന്ന് പറയാൻ സാധിക്കില്ല. അവതാരമെന്ന വാക്ക് വളരെ ശ്രേഷ്ഠമായതാണ്. ബാബ സർവ്വരുടേയും അച്ഛനാണ്. സർവ്വർക്കും സുഖം നൽകുന്ന പതീത പാവനനാണ്. സർവ്വ മനുഷ്യാത്മാക്കളും ആദ്യം വരുമ്പോൾ സതോ പ്രധാനമാണ്. പിന്നെ സതോ രജോ തമോയിലേക്ക് വരുന്നു. എല്ലാവർക്കും പതീതം ദുഃഖിതരാകണം. എല്ലാവരും പുനർ ജന്മം എടുക്കുമല്ലോ. ബ്രഹ്മാവിനെയും മനുഷ്യനെന്ന് പറയുന്നു. വിഷ്ണുവിന്റെ രണ്ട് രൂപങ്ങളായ ലക്ഷ്മീ നാരായണനെയും മനുഷ്യൻ എന്ന് പറയുന്നു. അപ്പോൾ അവരെയും നമുക്ക് അവതാരമെന്ന് പറയാൻ സാധിക്കില്ല. അവതാരം കേവലം ഒന്നുമാത്രമാണ്. ബാബ വരുന്നത് കുട്ടികൾക്ക് ആസ്തി നൽകാനാണ്. മുഴുവൻ ലോകവും പതീതമാകുമ്പോളാണ് ബാബ വരുന്നത്. എല്ലാ മനുഷ്യരും ഗോഡ് ഫാദറിന്റെ രചനകളാണ്. ഭിന്നനാമ രൂപത്തിൽ സർവ്വരും ഗോഡ് ഫാദർ എന്ന് തീർച്ചയായും പറയുന്നു. ഓരോ ആത്മാവിന്റെയും ബുദ്ധി ആ അച്ഛനെ ഓർമ്മിക്കുന്നു. ബ്രഹ്മാ വിഷ്ണു ശങ്കരനെ ഓർമ്മിക്കുന്നില്ല. ബ്രഹ്മാ വിഷ്ണു ശങ്കരനെ അച്ഛനെന്ന് വിളിക്കില്ല. അച്ഛനെന്ന് ഒരേ ഒരു രചയിതാവിനെയാണ് പറയുന്നത്. സംഗമയുഗമാകുമ്പോൾ സർവ്വ മനുഷ്യരും പതീതമാകുന്നു, അപ്പോൾ ബാബ അവതാരമെടുക്കുന്നു, കല്പത്തിലെ സംഗമയുഗത്തിൽ കലിയുഗത്തെ സത്യയുഗമാക്കാൻ. രചയിതാവാണല്ലോ. ബ്രഹ്മാവിലൂടെ സ്ഥാപന ചെയ്യിപ്പിക്കുന്നു, ശങ്കരനിലൂടെ വിനാശം, വിഷ്ണുവിലൂടെ പാലന ചെയ്യിപ്പിക്കുന്നതായി കാണിക്കുന്നു. ബാബ വരുന്നതും ഭാരതത്തിലാണ്. ശിവരാത്രിയും ഭാരതത്തിലാണ് ആഘോഷിക്കുന്നത്. എന്നാൽ ശിവന്റെ നാമ രൂപ ദേശ കാലമെന്താണെന്ന് അറിയില്ല. ബാബ പറയുന്നു -എന്നെ മനസ്സിലാക്കാതെ സർവ്വ വ്യാപിയെന്ന് പറയുന്നു, എന്നെ വളരെ ഗ്ലാനി ചെയ്യുന്നു. അതുകാരണം ഭാരതവാസികൾ സർവ്വരും പതീത ആത്മാക്കളാകുമ്പോൾ ഞാൻ വരുന്നു. കലിയുഗത്തിൽ ആരുംതന്നെ പുണ്യാത്മാക്കളായി പവിത്രാത്മാക്കളായി ഉണ്ടാവുകയില്ല. പവിത്ര ലോകത്തിൽ പവിത്ര ആത്മാക്കൾ വസിക്കുന്നു. അതിനെ സമ്പൂർണ്ണ നിർവികാരി ലോകമെന്ന് പറയുന്നു. അതുമായി താരതമ്യം ചെയ്യുമ്പോൾ കലിയുഗം വികാരീലോകമാണ്. കലിയുഗത്തിന്റെ അന്ത്യം സത്യയുഗത്തിന്റെ ആദിയെ സംഗമം എന്ന് പറയുന്നു. ദ്വാപര ത്രേതായെ ചേർത്ത് പറയാറില്ല. അന്ത്യമെന്നാൽ പഴയ ലോകത്തിന്റെ മുഴുവൻ അന്ത്യവും പുതിയ ലോകത്തിന്റെ ആദിയും. സത്യയുഗം പാവന ലോകമാണ് പിന്നെ കലകൾ കുറഞ്ഞുപോയിക്കൊണ്ടിരിക്കുന്നു. സത്യ-ത്രേതായെ ഒരുപോലെയാണെന്ന് പറയാൻ സാധിക്കില്ല. ബാബ പറയുന്നു- എന്നെ കുട്ടികൾ സംഖ്യാക്രമമായി തിരിച്ചറിയുന്നു. ഇങ്ങനെ ഇപ്പോളാണ് പറയുന്നത്. കാരണം മായ മുന്നിലുണ്ട്. ഇടയ്ക്ക് മറവിപ്പിക്കുന്നു. ഞങ്ങൾ ബ്രഹ്മാവിന്റെ കു

ട്ടികളും ശിവന്റെ പേരക്കുട്ടികളുമാണെന്ന് പറയുന്നു. ഇങ്ങനെ പറഞ്ഞിട്ടും മറന്നുപോകുന്നു. അജ്ഞാനത്തിൽ ഇങ്ങനെയുള്ള കാര്യങ്ങൾ ഒരിക്കലും മറക്കില്ല. ഇവിടെ മുന്നിൽ വന്നുപറയുന്നു ഞങ്ങൾ ബ്രഹ്മാവിന്റെ കുട്ടികളല്ല. പൂർണ്ണമായും മറന്നുപോകുന്നു. പിന്നെ ഒരിക്കലും ഓർമ്മ വരാത്ത രീതിയിൽ മറക്കുന്നു. ഇത് ഒരു വലിയ അത്ഭുതമാണ്. സ്വർഗ്ഗമുണ്ടാക്കുന്നത് പരമപിതാപരമാത്മാവാണ്. നരകമുണ്ടാക്കുന്നത് മായാ രാവണനാണെന്ന് ഭാരതവാസികൾക്കറിയാം. പിന്നെ രണ്ട് കാര്യങ്ങളും മറക്കുന്നു. ബാബയെ അറിയില്ല. രാവണനെ അറിയില്ല. ശിവനെ പൂജിക്കുന്നു. രാവണനെ കത്തിക്കുന്നു. ആരെയാണോ പൂജിക്കുന്നത് അവരുടെ കർത്തവ്യം, ബയോഗ്രഫി അറിയില്ല. കൂടാതെ കത്തിക്കുന്ന രാവണൻ എന്താണെന്ന് രാവണനെക്കുറിച്ചുമറിയില്ല. മനുഷ്യർ എല്ലാവരും തന്നെ യഥാ രാജാ റാണി തഥാ പ്രജാ സർവ്വരും തന്നെ തുച്ഛ ബുദ്ധികളാണ്. മറ്റ് ധർമ്മങ്ങൾ സ്ഥാപിക്കാൻ വരുന്നവരെ അവതരണം എന്ന് പറയാൻ സാധിക്കില്ലെന്ന് ബാബ മനസ്സിലാക്കി തരുന്നു. ഒരേ ഒരു ബാബയുടെ മാത്രമാണ് ഭാരതത്തിൽ അവതരണമുണ്ടാകുന്നത്. എന്നാൽ ഭാരതവാസികൾ തന്നെ മറന്നു പോകുന്നു. പരമ പിതാ പരമാത്മാവിന്റെ പൂജ ചെയ്യുന്നുണ്ട്. എന്നാൽ പരമാത്മ എപ്പോൾ വന്നു, എന്തു ചെയ്തു ഒന്നും തന്നെ അറിയില്ല. ബാബയെ രചനയുടെ ആദി-മദ്ധ്യ-അന്ത്യത്തെക്കുറിച്ച്, ദേവീ ദേവതകളുടെ ബയോഗ്രഫിയെക്കുറിച്ച് അറിയില്ല. അതുകൊണ്ടാണ് ദുഃഖിതരായിരിക്കുന്നത്. ഭാരതവാസികൾ ആദ്യം എത്ര സുഖം അനുഭവിച്ചിരുന്നവരാണ്. വിശ്വത്തിന്റെ പൂർണ്ണ അധികാരികളായിരുന്നു. ഞങ്ങൾ സർവ്വരും പാവനമായ ശ്രേഷ്ഠാചാരികളായിരുന്നു എന്ന് ഇപ്പോൾ ആ ഭാരതവാസികൾക്കറിയില്ല. ആയിരുന്നുവെങ്കിൽ എങ്ങനെയാണ് ആയത്. ഒന്നുമറിയില്ല. ഇതാണ് അത്ഭുതം. ബാബ എത്ര വ്യക്തമായാണ് മനസ്സിലാക്കി തരുന്നത്. ആർക്കാണ് മനസ്സിലാക്കി തരുന്നത്? തന്റെ കുട്ടികൾക്കാണ് മനസ്സിലാക്കി തരുന്നത്. കുട്ടികളുടെ മുന്നിലാണ് പ്രത്യക്ഷമാകുന്നത് എന്നാൽ കുട്ടികൾ പ്രത്യക്ഷമായിട്ട്, മമ്മാ ബാബ എന്ന് വിളിച്ചിട്ട് പിന്നെ മറന്നുപോകുന്നു ഇതാണ് അത്ഭുതം. അജ്ഞാനകാലത്തിൽ ഒരിക്കലും അച്ഛൻ, അധ്യാപകൻ ഗുരുവിനെ മറക്കാൻ സാധിക്കില്ല. ഇവിടെ ഇത്ര വലിയവനായ സർവ്വ ദുഃഖങ്ങളും ഇല്ലാതാക്കുന്ന ഈ പാരലൗകിക അച്ഛനെ മറന്നുപോകുന്നു. അപ്പോളാണ് പറയുന്നത് ആശ്ചര്യത്തോടെ കേട്ടു, പറഞ്ഞു നടന്നു, ഹാ മായേ നീ എത്ര ബലവാനാണ്. പരിധിയില്ലാത്ത അച്ഛന്റേതായിട്ടും അധ്യാപകനായി മനസ്സിലാക്കി പഠിച്ചിട്ടും പതീത-പാവനനായ സത്ഗുരുവിനെ പൂർണ്ണമായി മനസ്സിലാക്കിയിട്ടും പിന്നെ മൂന്നുപേരെയും മറന്നുപോകുന്നു. ഒന്നിനെ മറന്നാൽ മൂന്നിനേയും മറക്കും, ഒന്നിനെ ഓർമ്മിച്ചാൽ മൂന്നും ഓർമ്മയിലിരിക്കും. കാരണം ഇത് മൂന്നും ഒന്നിച്ചിരിക്കുന്നു. സ്വയം ബാബ അധ്യാപകനാണ്, സത്ഗുരുവാണ്. അതും കൃത്യമായിട്ടുള്ളതാണ്. പറയുന്നു -ഞാൻ അച്ഛനാണ് നിങ്ങളെ തീർച്ചയായും നമ്മുടെ പരംധാമത്തിലേക്ക് കൂട്ടിക്കൊണ്ടുപോകും. ഞാൻ നിങ്ങളുടെ അധ്യാപകനാണ്, പഠിപ്പിച്ച് നിങ്ങളെ തീർച്ചയായും രാജാക്കന്മാരുടെയും രാജാവാക്കും. ഞാൻ സത്ഗുരുവാണ്. നിങ്ങൾ കുട്ടികളെ സംഖ്യാക്രമമായ പുരുഷാർത്ഥമനുസരിച്ച് സർവ്വരേയും തീർച്ചയായും തിരിച്ചുകൊണ്ടുപോകും. ഇത് ഗ്യാരന്റി തരുന്നു. ഇങ്ങനെയുള്ള ബാബയെ മുന്നോട്ടു പോകവെ മറന്നുപോകുന്നു. ഇന്ന് ബാബ എന്ന് പറയുന്നവർ മായയുടെ ഗ്രഹചാരം പിടിക്കുമ്പോൾ നാളെ പറയും ഞങ്ങൾക്ക് സംശയമുണ്ടാക്കുന്നു. ഇങ്ങനെ സംഭവിച്ചുകൊണ്ടിരിക്കുന്നു. അതെ, ചിലർ പിന്നീട് അന്ത്യത്തിൽ വന്ന് ആസ്തി എടുക്കും, ഗ്രഹചാരം ഇറങ്ങുമ്പോൾ വരും. ഇങ്ങനെ ഡ്രാമയിൽ എഴുതപ്പെട്ടിട്ടുള്ളതാണ്. വിനാശം സംഭവിക്കുക തന്നെ ചെയ്യും പിന്നെ ആരെ ശരണം പ്രാപിക്കും? സർവ്വരുടേയും സത്ഗതി ദാതാവ് ഒന്നാണ്. സർവ്വരേയും ശരണത്തിൽ എടുക്കുന്നവനാണ്. സർവ്വരും വന്ന് തല കുനിക്കും എന്നാൽ ആ സമയം എന്ത് ചെയ്യാൻ സാധിക്കും. ഇങ്ങനെ പിന്നെ സംഭവിച്ചാൽ ഇത്ര വലിയ കൂട്ടത്തിന് ഒന്നിച്ച് വരാൻ സാധിക്കില്ല. ഈ കളിയും വളരെ അത്ഭുതകരമായി ഉണ്ടാക്കിയിരിക്കുന്നു. ഇത്ര വലിയ ജനകൂട്ടം വന്ന് എന്ത് ചെയ്യാനാണ്? പിന്നെ പെട്ടെന്ന് തന്നെ വിനാശം എത്തിച്ചേരും. അതെ, ബാബ പറയുന്നു എന്നെ ഓർമ്മിക്കൂ, ഇപ്പോൾ തിരിച്ച് പോകണം എന്ന ശബ്ദം കേൾക്കും. ബാക്കി കണ്ടുമുട്ടുന്നതിലൂടെ എന്താണ് പ്രയോജനം. ബാബ നിർദ്ദേശം നൽകുന്നു. വിദേശത്തിലാണെങ്കിലും ബാബയെ ഓർമ്മിച്ചുകൊണ്ടിരുന്നാൽ വികർമ്മം വിനാശമാകും. അന്ത്മതീ സോ ഗതി (അന്ത്യത്തിൽ എന്ത് ഓർമ്മിക്കുന്നുവോ അതിനനുസരിച്ച് ഗതി) ആകും. സർവ്വർക്കും സന്ദേശം ലഭിക്കണം. ഒരു സ്ഥലത്ത് ഒരുമിച്ച് എല്ലാവർക്കും കണ്ടുമുട്ടാൻ സാധിക്കില്ല. എന്നാൽ ഡ്രാമ വളരെ അതിശയകരമായി ഉണ്ടാക്കപ്പെട്ടിട്ടുള്ളതാണ്. എല്ലാവരും അറിയും അച്ഛൻ വന്നു. ക്രിസ്ത്യൻസ് എല്ലാവരുമൊന്നും പോപ്പിനെ കണ്ടുമുട്ടാറില്ല. എല്ലാവർക്കും എത്തിച്ചേരാൻ സാധിക്കില്ല. ബാബ വന്നു സർവ്വരേയും മുക്തമാക്കി കൂട്ടിക്കൊണ്ടുപോകുമെന്ന് അന്തിമത്തിലേ സർവ്വരും അറിയുകയുള്ളൂ. എത്ര വലിയ വിനാശമാണ് ഉണ്ടാകാൻ പോകുന്നത്. രുദ്രമാല എത്ര ശക്തമായതാണ്. അതുമായി താരതമ്യം ചെയ്യുമ്പോൾ വിഷ്ണുവിന്റെ മാല എത്ര ചെറുതാണ്. എല്ലാ മാലയും വിഷ്ണുവിന്റെയാണെന്ന് പറയാം. മാലയിൽ ആദ്യം വിഷ്ണു ഇരിക്കുന്നു. മനുഷ്യരുടെ ഗ്രേറ്റ് ഗ്രേറ്റ് ഗ്രാന്റ് ഫാദറാണ് ബ്രഹ്മാവ്. ബ്രഹ്മാവാണ് പിന്നെ വിഷ്ണു ആകുന്നത്. വിഷ്ണുവിന്റെ രണ്ട് രൂപങ്ങളാണ് ലക്ഷ്മീ-നാരായണൻ. വ്യത്യാസമൊന്നുമില്ല. ഇത് വലിയ അതിശയകരമായ കാര്യമാണ്. ഇത് സ്മരിച്ചുകൊ

ണ്ടിരുന്നാൽ സന്തോഷമായിരിക്കാൻ സാധിക്കും. ബാബ മനസ്സിലാക്കി തന്നു അവതരണം എന്ന് ഒന്നിനെ മാത്രമേ പറയാൻ സാധിക്കൂ. കാരണം ബാബയ്ക്ക് തന്റേതായ ശരീരമില്ല. ബാക്കി എല്ലാവർക്കും തന്റേതായ ശരീരമുണ്ട്. ബാബയ്ക്ക് ശരീരം ലോണായി എടുക്കേണ്ടി വരുന്നു. മറ്റുള്ളവർക്ക് തന്റേതായ ശരീരമുണ്ട്. ലോണായി എടുക്കുന്നത് മറ്റുള്ളവരുടെ വസ്തുവിനെയാണ്. ഞാൻ ലോൺ എടുത്തിരിക്കുന്നു എന്ന് ഒരു ആത്മാവും പറയില്ല. എന്റെ ശരീരമെന്നാണ് ആത്മാവ് പറയുന്നത്. ഇത് എന്റെ ശരീരമാണെന്ന് ശിവ ബാബയ്ക്ക് പറയാൻ സാധിക്കില്ല. കുട്ടികൾക്ക് ജ്ഞാനം നൽകാനും യോഗം പഠിപ്പിക്കുവാനും ഒരു ആധാരത്തെ സ്വീകരിക്കുന്നു. കുട്ടിക്കും അറിയാം ബാബ ആധാരം എടുത്തിരിക്കുന്നു, എന്നിരുന്നാലും ഇടയ്ക്ക് ഇടയ്ക്ക് മറന്നു പോകുന്നു. ദേഹാഭിമാനിയാകുമ്പോൾ ആ ബഹുമാനം കുറഞ്ഞു പോകുന്നു. അല്ലെങ്കിൽ ബാബ എന്തെന്നറിഞ്ഞാൽ ബാബയുടെ ആജ്ഞയനുസരിച്ച് തീർച്ചയായും നടക്കും. ഓരോരോ ചുവടിലും ശ്രീമത്തെടുക്കും. എന്നാൽ മായ മറവിപ്പിക്കുന്നു. ചിലപ്പോൾ ശ്രീമത്തനുസരിച്ച് നടക്കുന്നു. ചിലപ്പോൾ ആസുരീക മതമനുസരിച്ച് നടക്കുന്നു. ചിലപ്പോൾ ഭാരിച്ചതാകുന്നു. ചിലപ്പോൾ ഭാരരഹിതമാകുന്നു. ചിലപ്പോൾ അവരുടെ മതം, ചിലപ്പോൾ വേറൊരാളുടെ മതമനുസരിക്കുന്നു. ഒരേ ഒരു ശിവ ബാബയുടെ ശ്രീമത്തനുസരിച്ച് നടക്കുന്നതാണ് ശരി, മുകളിലേക്ക് കയറാൻ സാധിക്കും. എന്നാൽ സ്വന്തം മതമനുസരിച്ച് നടക്കുന്നു. ബാബ തരുന്ന നിർദ്ദേശങ്ങൾ തീർച്ചയായും പ്രാവർത്തികമാക്കണം. പിന്നെ എന്തെങ്കിലും സംഭവിച്ചാൽ പറയും ഡ്രാമയിൽ ഇങ്ങനെയായിരുന്നു. രാജധാനി സ്ഥാപിക്കപ്പെടുക തന്നെ ചെയ്യും, അതിൽ അല്പം പോലും മാറ്റമുണ്ടാകില്ല. കാണാൻ ഒരുപാട് പേർ വരും, എന്നാൽ വീട്ടിൽ പോകുന്നതോടെ എല്ലാം തീർന്നു. പൂർണ്ണമായ നിശ്ചയത്തോടെ കുറച്ചു പേർ മാത്രമാണ് വരുന്നത്. ചിലർക്ക് നിശ്ചയം 5 ശതമാനമാണ്, ചിലർക്ക് 15 ശതമാനം. അജ്ഞാത കാലത്തിൽ പോലും ഇത് എന്റെ ചെറിയച്ഛനാണ്, മാമനാണ് എന്ന് അറിഞ്ഞാൽ പിന്നെ അൽപം പോലും സംശയമുണ്ടാകില്ല. ഇവിടെ മായ സംശയത്തിൽ കൊണ്ടുവന്ന് വീഴ്ത്തുന്നു. കാരണം നിശ്ചയമായിട്ടില്ല. നിശ്ചയത്തോടെയിരിക്കുന്നവർ പോലും പിന്നെ അപ്രത്യക്ഷമാകുന്നു. അത്ഭുതമല്ലേ. ഈ ഒരേ ഒരു ബാബ അച്ഛനാണ്, അദ്ധ്യാപകനാണ്, സത്ഗുരുവാണ്. ഓരോരുത്തരും സംഖ്യാക്രമമായ പുരുഷാർത്ഥമനുസരിച്ച് കല്പം മുൻപത്തെപ്പോലെ ഉയരുന്നു. കല്പം മുമ്പ് ആര് എത്രത്തോളം ആസ്തി എടുത്തുവോ അതേ വേഷം ഇപ്പോൾ ഓരോരുത്തരുടെയും നടക്കുന്നു. ഇപ്പോൾ നമ്മൾ ബ്രാഹ്മണരുടെ മാലയുണ്ടാക്കാൻ സാധിക്കില്ല. കാരണം ഗ്രഹപ്പിഴ വരുമ്പോൾ പൊട്ടിപോകുന്നു. പിന്നെ പ്രജകളുടെ മാലയിലേക്ക് വരുന്നു. പ്രജയിലും അങ്ങനെ ഇങ്ങനെയായിരിക്കുന്നു. തീർച്ചയായും മാലയുണ്ട്. രുദ്രമാല കൂടാതെ വിഷ്ണുവിന്റെ മാലയുണ്ട്. അത് ആത്മീയ മാല, മറ്റേത് ഭൗതിക മാല. ഇത് മനസ്സിലാക്കാൻ വളരെ നല്ല വിശാലവും സ്വച്ഛവുമായ ബുദ്ധി വേണം. ശ്രീമത്തിൽ പൂർണ്ണമായും ശ്രദ്ധ കൊടുക്കുന്ന വിശ്വസ്തരും ആജ്ഞാകാരികളുമായിട്ടുള്ളവരെ യാണ് ആവശ്യം. ശിവബാബയുടേത് എത്ര വലിയ സേവയാണ്. പതിത-പാവനാ വരൂ എന്ന് പറയുന്നു. ബാബ പാവനലോകം സ്ഥാപിക്കുന്നു. അവർ പിന്നെ പതിതമാകുന്നു. പിന്നെ അവരെ പാവനമാക്കാൻ ബാബയ്ക്ക് വരേണ്ടിവരുന്നു. ഇപ്പോൾ എത്ര വലിയ പാർട്ടാണ് അഭിനയിക്കുന്നത്. ഇപ്പോൾ പരമപിതാ പ രമാത്മ ചെയ്യുന്ന പാർട്ടിന്റെമേലാണ് ബലിയാകേണ്ടത്. നമ്പർ വൺ ഓർമ്മ ചിഹ്നം ഒന്നിന്റെയാണ്. സർ വ്വതും ചെയ്യുന്നവരുടെ ജയന്തിയാണ് ആഘോഷിക്കാറുള്ളത്. ഇവരെ ഇങ്ങനെ പാവനമാക്കുന്ന ബാബ യ്ക്ക് എത്ര മഹിമയുണ്ട്. ബാക്കി ഇപ്പോൾ മനുഷ്യരെല്ലാം തന്നെ പതിതരും ഭ്രഷ്ടാചാരികളുമാണ്. സത്യ യുഗത്തിൽ ശ്രേഷ്ഠാചാരി, പരിസ്ഥാനി. എത്ര രാത്രിയുടെയും പകലിന്റെയും വ്യാത്യാസമാണ് ഇപ്പോൾ നാം ശിവബാബയിൽ നിന്ന് ആസ്തി എടുക്കുന്നു. ഇപ്പോൾ നമുക്ക് എന്ത് ആഘോഷിക്കണം? ഭക്തി മാർ ഗ്ഗത്തിലാണ് ആഘോഷങ്ങൾ. ഇപ്പോൾ ശ്രീമത്തനുസരിച്ച് നിങ്ങൾ നന്നായി പുരുഷാർത്ഥം ചെയ്യണം. സേവനം ചെയ്യണം. ഈ പ്രദർശിനി വെച്ച് മനസ്സിലാക്കികൊടുക്കുന്ന രീതി വളരെ നല്ലതാണ്. ഈശ്വരീ യ സേവനത്തിൽ കുട്ടികൾ പൂർണ്ണ ശ്രദ്ധവെയ്ക്കണം. ഈശ്വരീയ ഖജനാവിനാൽ പാലിക്കപ്പെടുന്ന കുട്ടി കൾ പൂർണ്ണമായി സേവനം ചെയ്യണം അതിലൂടെ വേഗം-വേഗം മനുഷ്യരുടെ മംഗളം ഉണ്ടാകണം. ശരി.

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ സന്താനങ്ങൾക്ക് മാതാവും പിതാ വുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

## ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) കയറുന്ന കലയിൽ പോകുന്നതിനായി ഓരോ ചുവടിലും ശ്രീമത്തനുസരിച്ച് നടക്കണം. ബാബയെ യ ഥാർത്ഥ രീതിയിൽ തിരിച്ചറിഞ്ഞ്, ദേഹി അഭിമാനിയായി പൂർണ്ണ ആദരവ് കൊടുക്കണം.

2) ഈശ്വരീയ സേവനത്തിൽ പൂർണ്ണമായ ശ്രദ്ധ കൊടുക്കണം. ഓർമ്മയിലൂടെ ബുദ്ധിയെ സ്വച്ഛവും വിശാലവുമാക്കണം.

**വരദാനം:- ജ്ഞാനത്തിന്റെ ലൈറ്റ്-മൈറ്റിലൂടെ ആത്മാഭിമാനിയായിരിക്കുന്ന സ്മൃതിസ്വരൂപരായി ഭവിക്കട്ടെ.**

താങ്കളുടെ അനാദി രൂപം നിരാകാരീ ജ്യോതിസ്വരൂപ ആത്മാവും ആദി സ്വരൂപം ദേവാത്മാവുമാണ്. രണ്ട് സ്വരൂപവും സദാ സ്മൃതിയിൽ അപ്പോഴേ ഇരിക്കൂ എപ്പോഴാണോ ജ്ഞാനത്തിന്റെ ലൈറ്റ്-മൈറ്റ് ആധാരത്തിൽ ആത്മാഭിമാനി സ്ഥിതിയിൽ ഇരിക്കാനുള്ള അഭ്യാസം ഉള്ളത്. ബ്രാഹ്മണനാകുക അർത്ഥം ജ്ഞാനത്തിന്റെ ലൈറ്റ്-മൈറ്റിന്റെ സ്മൃതിസ്വരൂപമാകുക. ആരാണോ സ്മൃതി സ്വരൂപർ, അവർ സ്വയവും സന്തുഷ്ടരായിരിക്കും, മറ്റുള്ളവരെയും സന്തുഷ്ടരാക്കും.

**സ്ലോഗൻ:- സാധാരണതയിൽ മഹാനതയുടെ അനുഭവം ചെയ്യുക തന്നെയാണ് മഹാനാത്മാവാകുക.**